## പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1700** — **01.11.2019 ൽ മറുപടിയ്ക്ക്**

## ഫുൾടൈം കണ്ടിൻജന്റ് മീനിയലിന്റെ ശമ്പള സ്കെയിൽ നല്കാൻ നടപടി

| | ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2008 ജൂലൈ 31-ന് മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിൽ നിന്ന് ഫുൾടൈം കണ്ടിൻജന്റ് മീനിയൽ തസ്തികയിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. സി. ഉമ്മർ, പലാശ്ശേരി ഹൗസ്, ഓമാനൂർ പി.ഒ., മലപ്പുറം ജില്ല എന്നയാൾക്ക് അവസാനം നൽകിയ ശമ്പളം എത്രയെന്ന് വ്യക്തമാക്കാമോ; ആയത് ഏത് ശമ്പള സ്കെയിൽ പ്രകാരം എന്നറിയിക്കാമോ; | (എ) | 1992 ൽ പ്രാബ്യത്തിലുണ്ടായിരുന്ന ഫുൾ ടൈം സ്വീപ്പർമാരുടെ 550-950 ശമ്പളസ്കെയിലിൽ 875/- രൂപ അടിസ്ഥാന ശമ്പളമാണ് അവസാനമായി നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുതയാൾക്ക് ഫുൾടൈം കണ്ടിൻജന്റ് മീനിയലിന്റെ ശമ്പള സ്കെയിലിന് അർഹതയുണ്ടായിട്ടും, പാർട്ട് ടൈം ശമ്പള സ്കെയിലിൽ മാത്രം ശമ്പളം നൽകാൻ ഇടയായതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | 1992 ൽ പ്രാബ്യത്തിലുള്ളതും 23.03.1991 ലെ ജി.ഒ (പി) 106/91/തഭവ ഉത്തരവ് പ്രകാരം ഫുൾ ടൈം സ്വീപ്പർമാർക്ക് അനുവദിച്ചതുമായ പെൻഷൻ ആനുകൂല്യങ്ങൾ ഓപ്റ്റ് ചെയ്യാതെ 65 വയസ്സുവരെ സേവനത്തിൽ തുടരാമെന്ന വ്യവസ്ഥ ടിയാൻ അംഗീകരിച്ചിട്ടുള്ളതും അപ്രകാരമുള്ള അർഹതപ്പെട്ട ശമ്പള സ്കെയിൽ ടിയാന് അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. |
| (സി) | ബന്ധപ്പെട്ടയാൾക്ക് അർഹതപ്പെട്ട ഫുൾടൈം നിരക്കിലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) | മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമ പഞ്ചായത്തിൽ പാർട്ട്ടൈം സ്വീപ്പറായി സേവനം അനുഷ്ഠിച്ചിരുന്ന ടിയാന്റെ ഉദ്യോഗക്കയറ്റം ലഭിച്ച് 20.02.1992 ൽ ഫുൾടൈം സ്വീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ടിയാളുകൾക്ക് പ്രസ്തുത കാലയളവിൽ ബാധകമായിട്ടുള്ള (550 - 10 - 560 - 15 - 620 - 20 - 700 - 25 - 950) ശമ്പള സ്കെയിലിൽ ശമ്പളം നിജപ്പെടുത്തി നൽകുകയുമുണ്ടായി. ടി ശമ്പള സ്കെയിൽ സർക്കാർ ജീവനക്കാർക്കായി ധനകാര്യ വകുപ്പ് കാലാകാലങ്ങളായി അനുവദിച്ച് പരിഷ്കരിച്ച് കൊണ്ടിരുന്ന ശ്രേണിയിൽ ഉൾപ്പെട്ട സ്കെയിൽ അല്ലായിരുന്നു എന്നും, ഗ്രാമ പഞ്ചായത്തിലെ കണ്ടിൻജന്റ് ജീവനക്കാർക്കായി തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലെ പ്രത്യേക വേജ് ബോർഡ് അനുവദിച്ചിരുന്നതുമാണ് എന്ന് കാണുന്നു. |

തുടർന്ന്, 23.03.1991 ലെ G.O. (P) 106/91/തഭവ സർക്കാർ ഉത്തരവ് പ്രകാരം, പഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാർക്ക് 01.04.1991 പ്രാബല്യത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുകയുണ്ടായി. ടി ഉത്തരവ് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾക്കായി ഓപ്ഷൻ നൽകുന്നതിനും, ഓപ്ഷൻ സമർപ്പിക്കാത്ത ഫുൾടൈം സ്വീപ്പർമാർക്ക് 65 വയസ്സുവരെ സേവനത്തിൽ തുടരാവുന്നതും, സേവന വിരാമത്തിൽ സർവ്വീസ് ഗ്രാറ്റുവിറ്റിക്കല്ലാതെ പെൻഷൻ അടക്കമുള്ള മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾക്ക് യാതൊന്നിനും അർഹതയില്ലാത്തതുമാണ്. ടിയാൻ പെൻഷൻ സ്കീമിലേക്ക് ഓപ്ഷൻ സമർപ്പിക്കാതിരിക്കുകയും 65 വയസ്സുവരെ തുടരുന്നതിനായി 22.04.1992 ൽ സമ്മതപത്രം സമർപ്പിക്കുകയും ആയത് അംഗീകരിച്ചതുമാണ്.

തുടർന്ന്, 06.01.1995 ലെ G.O. (P) 01/95/തഭവ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാരുടെ ശമ്പള സ്കെയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടേതിന് തുല്യമാക്കുകയുണ്ടായി. അപ്രകാരം ടിയാളുകളുടെ ശമ്പള സ്കെയിൽ 775 - 1065 രൂപയിലേക്ക് ഉയർത്തുകയുണ്ടായി. അത്തരത്തിൽ ഉയർത്തിയ ശമ്പള സ്കെയിലിലേക്ക് മാറുന്നതിന് ടിയാൻ 20.02.1995 ൽ ഓപ്ഷൻ നൽകുകയും 01.03.1992 പ്രബല്യത്തിൽ പുതുക്കിയ സ്കെയിലിൽ ശമ്പളം നിജപ്പെടുത്തുകയുമുണ്ടായി.

23.03.1991 ലെ G.O. (P) 106/91/തഭവ സർക്കാർ ഉത്തരവ് പ്രകാരം പെൻഷൻ സ്കീമിലേക്ക് ഓപ്ഷൻ നൽകിയിരുന്നില്ലായെങ്കിലും, 06.01.1995 ലെ G.O. (P) 1/95/തഭവ, 24.09.1996 ലെ G.O. (P) 200/96/തഭവ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തുല്യമായ ശമ്പള സ്കെയിൽ 20.02.1995 ൽ ഓപ്റ്റ് ചെയ്തതിനാൽ ടിയാന് 55 വയസ്സിൽ സേവനത്തിൽ നിന്നും വിരമിക്കേണ്ട സാഹചര്യമുണ്ടായി. 15.07.1943 ൽ ജനിച്ച ടിയാൻ അപ്രകാരം 55 വയസ്സ് പൂർത്തീകരിച്ച് 31.07.1998 ൽ വിരമിക്കുന്ന വേളയിൽ ആകെ 6 വർഷം 5 മാസം മാത്രമേ സേവന ദൈർഘ്യം ഉണ്ടാകു എന്നതിനാൽ തുച്ഛമായ പെൻഷൻ ആനുകൂല്യങ്ങളെ ലഭിക്കൂ എന്ന് മനസ്സിലാക്കിയ ടിയാൻ, ടി ഓപ്ഷൻ, 24.12.1998 ൽ പിൻവലിച്ച്

പഴയ 550 - 950 സ്കെയിലിലേക്ക് പുനഃപ്രവേശിച്ചു. ആയതിലേക്കായി, പുതുക്കിയ സ്കെയിലിൽ ടിയാൻ 01.03.1992 മുതൽ അധികമായി കൈപ്പറ്റിയ തുക 33739/- രൂപ തിരികെ അടവാക്കുകയും പഴയ ശമ്പള സ്കെയിലിൽ 65 വയസ്സു പൂർത്തിയാകുന്ന 31.07.2008 ൽ വിരമിക്കുകയുമുണ്ടായി. (അടിസ്ഥാന ശമ്പളം Rs.875/- (550 -950).

ഫുൾടൈം സ്വീപ്പർമാർക്ക് അപ്രകാരം ബാധകമായിരുന്ന പഴയ 550 - 950 എന്ന ശമ്പള സ്കെയിൽ, ധനകാര്യ വകുപ്പ് അനുവദിക്കുന്ന ശ്രേണിയിൽ ഉൾപ്പെടാത്തതിനാലും, പഞ്ചായത്തുകളിൽ അക്കാലയളവിൽ ഉണ്ടായിരുന്ന ഭൂരിപക്ഷം ഫുൾടൈം സ്വീപ്പർമാരും 01.03.1992 പ്രാബല്യത്തിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെതിന് തുല്യമായ ശമ്പള സ്കെയിലിലേക്ക് മാറിയതിനാലും, പഴയ സ്കെയിലിൽ തന്നെ തുടരുന്ന ഫുൾടൈം സ്വീപ്പർമാർ തുലോം കുറവായതിനാലുമാകാം 1992 ന് ശേഷം ടി സ്കെയിലിൽ യാതൊരുവിധ പരിഷ്കരണവും നടത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നില്ല. ആയതിനാൽ തന്നെ 1992 ൽ പ്രാബല്യത്തിലുണ്ടായിരുന്ന ശമ്പള സ്കെയിലിൽ തന്നെ തുടർന്ന് 31.07.2008 ൽ ടിയാൻ സേവനത്തിൽ നിന്ന് വിരമിച്ചു. സർവ്വീസ് ഗ്രാറ്റുവിറ്റി ഒഴികെ മറ്റ് സേവനവിരാമ ആനുകൂല്യങ്ങൾ യാതൊന്നും ടിയാന് അനുവദിച്ചിട്ടില്ല.

ആയതിനാൽ 1992 ൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ഫുൾടൈം സ്വീപ്പർമാരുടെ 550 - 950 ശമ്പള സ്കെയിലിൽ കാലാനുസൃത പരിഷ്കരണങ്ങൾ വരുത്തി ഉത്തരവാകുന്നതുവഴി മാത്രമേ ടിയാന്റെ വിഷയത്തിൽ പരിഹാരം കാണാനാകൂ എന്ന സാഹചര്യമാണുള്ളത്.

Danya M

**സെക്ഷൻ ഓഫീസർ**

Sf